LIBRARY ARCHIVES Kerala Legislative Assembly

സെക്യൂരിറ്റി ഓഡിറ്റായി ഇത്തരം മോക്ഡ്രില്ലുകൾ നടത്തിവരാറുണ്ട്. മോക്ഡ്രില്ലുകൾ അതീവ രഹസ്യസ്വഭാവത്തോടുകൂടിയതും ചുരുക്കം ചില ഉയർന്ന ഉദ്യോഗസ്ഥരുടെ അറിവോടുംകൂടിയുമാണ് നടത്തുന്നത്. അല്ലെങ്കിൽ ഈ മോക്ഡ്രില്ലുകൾ നടത്താൻ കഴിയില്ല. 8-12-2014-ൽ പകൽ 3.02 -ന് 9846636190 എന്ന നമ്പരിൽ നിന്നും തിരുവനന്തപുരം സിറ്റി പോലീസ് കൺട്രോൾ റൂമിലെ ഫോണിൽ ടി സന്ദേശം ലഭിച്ചു. പരിശോധനയിൽ ടെക്നോപാർക്കിലെ ലീലാ ഇൻഫോ പാർക്കിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥനായി ജോലി ചെയ്യുന്ന കിളിമാനൂർ വിളക്കോട്ടുകോണം പഴയകുന്നുമ്മേൽ ബിജു നിവാസിൽ ബിജു എന്ന ആളിന്റെ പേരിൽ നിന്നാണ് സന്ദേശം വന്നതെന്ന് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ടിയാനെ മ്യൂസിയം പോലീസ് സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി വിവരങ്ങൾ ചോദിച്ച് മനസ്സിലാക്കി. ഇദ്ദേഹം ഇത്തരത്തിൽ പോലീസ് കൺട്രോൾ റൂമിലേക്ക് ഫോൺ ചെയ്തിട്ടില്ലായെന്നു പറഞ്ഞതിനാൽ ഇയാളുടെ മൊഴി രേഖപ്പെടുത്തി വൈകുന്നേരം 7.40-ഓടെ സുഹൃത്തുക്കളെ ഏല്പിച്ച് വിട്ടയച്ചു. സാധാരണ നിലയിൽ ഇത്തരം ഒരു സന്ദേശം ലഭിച്ചാൽ പാലിക്കുന്ന ജാഗ്രതാ നടപടികൾ മാത്രമാണ് പോലീസ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. ബിജു ഫോൺ ചെയ്തിട്ടില്ലായെന്നിരിക്കെ പ്രസ്തുത ഫോൺ നമ്പർ എങ്ങനെ കൺട്രോൾ റൂമിന്റെ ഫോണിൽ വന്നു എന്ന കാര്യം മൊബൈൽ ഫോൺ സർവ്വീസ് പ്രൊവൈഡറിൽ നിന്ന് വിവരം ശേഖരിച്ചുകൊണ്ടുള്ള അന്വേഷണം നടത്തിവരികയാണ്. ഇതുമായി ബന്ധപ്പെട്ട് ബിജുവിന്റെ പേരിൽ യാതൊരു കേസും രജിസ്റ്റർ ചെയ്തിട്ടില്ല. പ്രസ്തുത വിവരം ബിജു ജോലി ചെയ്യുന്ന സ്ഥാപനത്തിലെ സെക്യൂരിറ്റി ഇൻ-ചാർജായ ശ്രീ. ജയകുമാറിനെ തിരുവനന്തപുരം സിറ്റി പോലീസ് ഡെപ്യൂട്ടി കമ്മീഷണർ എൽ.ആന്റ്.ഒ. ഫോൺ മുഖാന്തിരം അറിയിച്ചിട്ടുള്ളതാണ്. ഇദ്ദേഹത്തിന് ജോലിയിൽ തുടരുന്നതിന് യാതൊരു നിയമ തടസ്സവുമില്ല. അദ്ദേഹത്തിന്റെ പേരിൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച് തിരുവനന്തപുരം സിറ്റി പോലീസ് ജില്ലാ മേധാവി തുടരന്വേഷണം നടത്തിവരികയാണ്.

## 9. നീര ഉല്പാദനത്തിലെ തടസ്സങ്ങൾ നീക്കം ചെയ്യൽ

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, കേരളത്തിലെ നാളികേര കർഷകരുടെ ചിരകാല സ്വപ്നമാണ് ഈ സർക്കാർ തറവില നിശ്ചയിച്ച നാളികേരം നേരിട്ടു വാങ്ങാനും തെങ്ങിൽനിന്ന് നീര ചെത്താനും എടുത്ത തീരുമാനം. കേരളത്തിൽ ഏകദേശം 18 കോടി തെങ്ങുകൾ ഉണ്ടെന്നാണ് കണക്ക്. ഇതിന്റെ ചെറിയൊരു ശതമാനം തെങ്ങുകൾ നീര ചെത്താൻ വേണ്ടി അനുവാദം കൊടുത്താൽത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിലും സർക്കാരിന് സാമ്പത്തിക വരുമാനവും ഉണ്ടാകും. നീര പ്രകൃതിജന്യ ആരോഗ്യദായക പാനീയമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ലഹരിയുടെ അംശം ഒട്ടും ഇല്ലാത്ത ഈ പാനീയം എക്സൈസ് വകുപ്പിന്റെ നിയന്ത്രണംമൂലം സുലഭമായി ഉണ്ടാക്കാൻ കഴിയുന്നില്ല. 100 വർഷത്തിലധികം പഴക്കമുള്ള അബ്കാരി നിയമമാണ് കേരളത്തിൽ ഇപ്പോഴും പ്രാബല്യത്തിലുള്ളത്. കേന്ദ്രസർക്കാർ ഈ നിയന്ത്രണം നീക്കുവാൻ തീരുമാനിക്കുകയും അത് സ്റ്റേറ്റ് ഗവൺമെന്റുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതായി പത്രവാർത്തകളുണ്ട്. പല സംസ്ഥാനങ്ങളും എക്സൈസ് വകുപ്പിന്റെ പരിധിയിൽ നിന്നും നീരയെ ഒഴിവാക്കിയിട്ടുമുണ്ട്. കോടിക്കണക്കിന് വിദേശനാണ്യം ഉൾപ്പെടെ നേടിത്തരുവാൻ കഴിയുന്ന ഒരു സംരംഭം കൂടിയാണിത്. ലോകനിലവാരത്തിലേയ്ക്കുയരുവാൻ ഈ പാനീയത്തിന് സാധിച്ചിട്ടുണ്ട്. കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ധാരാളം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾ ഇന്ന് നിലവിലുണ്ട്. ഈ സൊസൈറ്റികൾ ചേർന്ന് കമ്പനികളും രൂപീകരിച്ച പ്രവർത്തിച്ചുവരുന്നു. ഇത്തരം കമ്പനികൾക്ക് നാമമാത്രമായ തെങ്ങുകളിൽനിന്ന് മാത്രമേ നീര ചെത്താൻ അനുവാദമുള്ളൂ. കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ തെങ്ങുകളുള്ള താലൂക്കാണ് താമരശ്ശേരി. ഈ താലൂക്കിൽ രണ്ട് ഫെഡറേഷനുകളിലായി 1500 തെങ്ങുകളിൽ നിന്ന് മാത്രമാണ് നീര ചെത്തുവാൻ അനുവാദം ലഭിച്ചിട്ടുള്ളത്. കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഫെഡറേഷനുകൾക്കും ആവശ്യാനുസരണം നീര ചെത്തുന്നതിനായി എക്സൈസ്, കൃഷി എന്നീ ഡിപ്പാർട്ടുമെന്റുകൾ സംയുക്തമായി ചർച്ച ചെയ്ത് കേരകർഷകർക്ക് കൂടുതൽ പ്രയോജനപ്രദമാകുന്ന രീതിയിലേയ്ക്ക് നിയമം കൊണ്ടുവരണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>): സർ, ഇവിടെ സൂചിപ്പിച്ചതുപോലെ സംസ്ഥാനത്ത് നാളികേര കർഷകരെ സംബന്ധിച്ചിടത്തോളം നീര ഉല്പാദനത്തിനുവേണ്ടിയുള്ള അനുവാദം നല്കിയിരിക്കുന്നത് ഏറ്റവും സന്തോഷമുള്ള കാര്യമാണ്. സംസ്ഥാനത്ത് നീര ഉല്പാദനത്തിനുള്ള തടസ്സങ്ങൾ നീക്കം ചെയ്ത് നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കൃഷി, എക്സൈസ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനവും ഉറപ്പുവരുത്തി. കാർഷികോല്പാദന കമ്മീഷണർ ചെയർമാനും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര നീര ബോർഡ് രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. നീരയുടെ ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും

അംഗീകാരം നല്കുന്നത് നാളികേര നീര ബോർഡാണ്. കൂടുതൽ ആദായകരമായി തെങ്ങുകൃഷി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സഹകരണ സംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യമൊരുക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളാണ് നാളികേര നീര ബോർഡിനുള്ളത്. നാളികേര നീര ബോർഡ് യോഗങ്ങൾ സംഘടിപ്പിച്ചു കൊണ്ട് നീരയുടെ ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ലൈസൻസ് നല്കുന്നത് സംബന്ധിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. 18-11-2014-ലെ സർക്കാർ ഉത്തരവുപ്രകാരം കൃഷി വകുപ്പ് നീര ഉല്പാദനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമായി കാർഷിക സർവ്വകലാശാലയിലെ മൂന്ന് ശാസ്ത്രജ്ഞന്മാർ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, അഗ്രി ചീഫ് കൃഷി ഡയറക്ടർ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം, മാനേജിംഗ് ഡയറക്ടർ എന്നീ അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതുസംബന്ധിച്ച് അബ്കാരി നിയമം തടസ്സം നില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## 10. കൊമ്മേരി ഗോട്ട് ഫാം ടൂറിസം കേന്ദ്രമാക്കൽ

<u>ശ്രീ. ഇ. പി. ജയരാജൻ</u> : സർ, മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കൊമ്മേരി ഗോട്ട് ഫാം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ പ്രദേശത്തോട് ചേർന്നുകിടക്കുന്നതാണ്. ടി ഗോട്ട് ഫാം വികസിപ്പിച്ചുകൊണ്ട് കേരളത്തിലെ പ്രശസ്തമായ ഒരു ഫാം ടൂറിസ്റ്റ് കേന്ദ്രമായി വളർത്തിയെടുക്കാനുള്ള ഭൗതിക സാഹചര്യമുണ്ട്. അവിടത്തെ ഭൂമി ശാസ്ത്രപരമായ ഘടനയും കാലാവസ്ഥയും വന നിബിഡമായിട്ടുള്ള പ്രദേശങ്ങളും മനോഹരമായ കന്നിൻചെരിവുകളുമെല്ലാം വിദേശികളെയും സ്വദേശികളെയും ആകർഷിക്കാൻ സാധ്യതയുള്ളതാണ്. 12.17 ഏക്കർ സ്ഥലത്താണ് ഈ ഗോട്ട് ഫാം സ്ഥിതി ചെയ്യുന്നത്. അതിൽ എതാണ്ട് 3 ഏക്കർ സ്ഥലം മാത്രമാണ് ആടു വളർത്തലിനുവേണ്ടി ഉപയോഗിക്കുന്നത്. കോളയാട് ഫാമിൽ 1000 ആടുകളെ വളർത്താനുള്ള പ്രോജക്ടാണുള്ളത്. ഇപ്പോൾ ആകെ 200 ആടുകളേയുള്ളൂ. കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകൾക്ക് ആടുവളർത്തൽ പദ്ധതികൾക്കായി കൊടുക്കാനുള്ള കുഞ്ഞാടുകൾപോലും അവിടെയുണ്ടാകുന്നില്ല. 1000 ആടുകളുണ്ടാവുകയാണെങ്കിൽ ഏതാണ്ട് 10,000-ത്തോളം കുഞ്ഞാടുകളെ അവിടെ ഉണ്ടാക്കിയെടുക്കാൻ സാധിക്കും

LIBRARY ARCHIVES Kerala Legislative Assembly